LEAD KINDLY LIGHT

# THIRUMOOLA VILASAM U.P.S

ആമുഖം

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ മാർഗ്ഗരേഖയിലെ ലക്ഷ്യങ്ങൾ മുൻനിർത്തി

ഓരോ വിദ്യാലയത്തെയും അക്കാദമികവും ഭൗതികവുമായ മികവിലേയ്ക്ക് ഉയർത്തുന്നതിന് വേണ്ടി അടുത്ത അഞ്ചു വർഷത്തെ പ്രവർത്തനങ്ങൾ ആസൂത്രണം

ചെയ്ത് ഓരോ സ്കൂളിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണല്ലോ. ഓരോ സ്കൂളിലും

ഗുണപരമായ മാറ്റങ്ങൾ വരുത്തുവാൻ ഇതിനു സാധിക്കുമെന്നതിൽ സംശയമില്ല വിദ്യാഭ്യാസ വകുപ്പിന്റെ ഇത്തരം പ്രവർത്തങ്ങളെ അഭിനന്ദിക്കുന്നു.

ഈ പ്രവർത്തനങ്ങൾ ഞങ്ങളുടെ സ്കൂളിലും ഏറ്റവും മികച്ച രീതിയിൽ

നടപ്പിലാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി തയ്യാറാക്കിയതാണ്

"തിരുമൂലവിലാസം വിഷൻ 2025ഇത് ഞങ്ങളുടെ മികവാണ് സ്വപ്നമാണ് കൂട്ടായ്മയാണ്.

1. വിദ്യാലയത്തിന്റെ പേര് : തിരുമൂലവിലാസം യു പി സ്കൂൾ , തിരുമൂലപുരം

വിലാസം : തിരുമൂലപുരം പി ഒ 689115
തിരുവല്ല

ഫോൺ : 04692636010

2. സ്കൂൾ കോഡ് : 37268 ( യു പി & എൽ പി )

3. വിദ്യാഭ്യാസ ഉപജില്ല : തിരുവല്ല

4. വിദ്യാഭ്യാസ ജില്ല : തിരുവല്ല

5. റവന്യൂ ജില്ല : പത്തനംതിട്ട

6. ബി.ആർ. സി : തിരുവല്ല

7. സി.ആർ. സി : തിരുവല്ല

8. ഗ്രാമ പഞ്ചായത്ത് : മുനിസിപ്പാലിറ്റി ( 21 വാർഡ് )

9. ബ്ലോക്ക് പഞ്ചായത്ത് : പുളിക്കീഴ്

10. ജില്ല പഞ്ചായത്ത് : പത്തനംതിട്ട

11. നിയമസഭാമണ്ഡലം : തിരുവല്ല

12. ലോകസഭാമണ്ഡലം : മാവേലിക്കര

13. താലൂക്ക് : തിരുവല്ല

14. വില്ലേജ് : മുനിസിപ്പാലിറ്റി

15. ഇ - മെയിൽ : bethanyvilasamups@gmail.com

16. സ്കൂൾ വിക്കി : Pathanamthitta ( Revenue District )Thiruvalla ( Sub District )
Thirumoolavilasam U P School

## ഉള്ളടക്കം


- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയത്തെ മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ - ഘട്ടങ്ങൾ
- നിലവിലെ അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിങ്
- ഉപസംഹാരം


## അനുബന്ധം


- വിദ്യാലയത്തിന്റെ പ്ലാൻ , SKECH
- മികവുകൾ . നേട്ടങ്ങൾ
- കുട്ടികളുടെ എണ്ണം - മുൻ വർഷങ്ങളിൽ
- നിലവിലുള്ള കമ്മിറ്റികൾ - അംഗങ്ങളുടെ പട്ടിക

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക
- കുട്ടികളുടെ അക്കാദമികവും സർഗ്ഗപരവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കുക
- പ്രതിഭാധനരായ കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുക
- ഭിന്നശേഷിക്കാരുടെ കഴിവുകൾ കണ്ടെത്തി അവരെ മുഖ്യധാരയിലെത്തിക്കുക
- അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി സ്കൂളിൻറെ ഭൗതിക നിലവാരം ഉയർത്തുക
- കുട്ടികളിൽ ധാർമികത,മൂല്യങ്ങൾ,ശുചിത്വബോധം,സാമൂഹിക പ്രതിബദ്ധത എന്നിവ വളർത്തുക
- ജനാധിപത്യ രാജ്യത്തിനു യോജിച്ച ഉത്തമ പൗരൻമാരെ സൃഷ്ടിക്കുക.
- കുട്ടികളുടെ സർവ്വതോൻമുഖമായ വികാസം ഉറപ്പുവരുത്തുക
- ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി പഠനം കൂടുതൽ ലളിതവും ആസ്വാദ്യകരവുമാക്കുക

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- കുട്ടിയുടെ മികവിന്റെ സമസ്ത മേഖലകളുടെയും വികാസം ലക്ഷ്യമിടുന്ന സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം സാധ്യമാക്കൽ .

- മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കൽ .

- പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികളെ മുഖ്യധാരയിലെത്തിക്കുകയും കഴിവിന്റെ ഉന്നതതലത്തിലെത്തിക്കുകയും ചെയ്യൽ .

- കാർഷിക സംസ്കാരമുള്ള ഒരു തലമുറയെ രൂപപ്പെടുത്തും ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ .

- പരിസ്ഥിതി സംരക്ഷണം പരിസ്ഥിതി പഠന പ്രവർത്തനങ്ങൾ ജൈവവൈവിധ്യ ഉദ്യാനം എന്നീ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കൽ .

- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കൽ .

- ആധുനിക സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ .

- ധാർമിക മൂല്യങ്ങളും ജനാധിപത്യ മൂല്യങ്ങളുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തൽ

## തിരുമൂലവിലാസം യു പി സ്കൂൾ ചരിത്ര വഴിയിലൂടെ

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ തിരുമൂലപുരം എന്ന സ്ഥലത്ത് തിരുമൂലവിലാസം യു പി സ്കൂൾ സ്ഥിതി ചെയ്യുന്നു. മലങ്കര കത്തോലിക്കാ ബഥനി സിസ്റ്റേഴ്സിനാൽ നയിക്കപ്പെടുന്ന ഈ സ്കൂൾ തിരുവല്ല അതിരൂപതയുടെ കീഴിലാണ് . പഠനത്തോടൊപ്പം പഠ്യേതര വിഷയങ്ങൾക്കും പ്രാമുഖ്യം നൽകുന്ന ഈ സ്കൂളിന്റെ വ്യാതി തിരുവല്ല സബ്ബ് ജില്ലയിൽ നിന്നും പത്തനംതിട്ട ജില്ല കടന്ന് കേരള സംസ്ഥാനം മുഴുവൻ നിറഞ്ഞുനിൽക്കുന്നു. 2025 - 26 അധ്യായന വർഷത്തിൽ ശ്രീമതി അന്നമ്മ സാമുവേൽ ഹെഡ്മിസ്ട്രസായി പ്രവർത്തിച്ചു വരുന്ന ഈ സ്കൂളിന്റെ പിൻകാല ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞു നോട്ടം.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും ജാതിവ്യവസ്ഥ യുടെ നിരാളിപ്പിടുത്തത്തിൽ വിദ്യാഭ്യാസം നിലച്ചതുമായ ഒരു ജനവി ഭാഗത്തെ സമൂഹത്തിന്റെ മുഖ്യാധാരയിൽ എത്തിക്കുക എന്ന ലക്ഷ്യ ത്തോടെ മലങ്കര കത്തോലിക്കാ സഭയുടെ കാന്തദർശിയും പുണ്യശ്ലോ കനും ദൈവദാസനുമായ മാർ ഈവനിയോസ് പിതാവ് 1920 ൽ "നല്ലിട യൻ" എന്ന പേരിൽ ബഥനി സിസ്റ്റേഴ്സിന്റെ ചുമതലയിൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. പാവപ്പെട്ടവരും ചൂഷണം അനുഭവിച്ചിരുന്നവ രുമായ അക്രൈസ്തവരായിരുന്നു ആദ്യകാലത്തെ പഠിതാക്കൾ അതു കൊണ്ട് പുലയപ്പള്ളിക്കൂടം എന്ന് ചിലർ പരിഹസിച്ചു വിളിച്ചിരുന്നു. സ്ത്രീ വിദ്യാഭ്യാസത്തിന് വില കല്പിക്കാതിരുന്ന ആ കാലഘട്ടത്തിൽ കണ്ടത്തിൽ ശ്രീ വർഗീസ് മാപ്പിള സ്ത്രീകളുടെ ഉന്നമനം എന്ന ലക്ഷ്യ ത്തിലൂന്നുക്കൊണ്ട് ഇപ്പോൾ ബാലികാമഠം എച്ച് എസ് എസ് സ്ഥിചെയ്യുന്ന സ്ഥലത്ത് ഒരു കെട്ടിടം പണികഴിപ്പിച്ചു മരണം എന്ന ഭീകരൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോയതുകൊണ്ട് കിനാവു കണ്ട സ്വപ്നം പൂവണിഞ്ഞില്ല. വർഷങ്ങളോളം ആരാലും ശ്രദ്ധിക്കപ്പെടാതെ കാടു പിടിച്ചു കിടന്ന ആ കെട്ടിടവും സ്ഥലവും ദീർഘവീക്ഷണമുള്ള ഈവാനിയോസ് പിതാവിന്റെ ശ്രദ്ധയിൽപ്പെട്ടു. കണ്ടത്തിൽ ശ്രീ വർഗീസ് മാപ്പിളയുടെ സ്വപ്നം ഫലവത്താക്കാൻ പിതാവ് തീരുമാനിച്ചു. ഇതിന് കണ്ടത്തിൽ കുടുംബം വളരെ പിന്തുണയും വാഗ്ദാനം ചെയ്തു. തുടർന്ന് കെട്ടിടത്തിൽ ഒരു സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരു ക്കാൻ പരിശ്രമം തുടങ്ങി. ഈ ഉദ്യമത്തിൽ ആദ്യ സഹായവുമായി എത്തിയത് കൽക്കത്തയിലെ ഡയോസിന്റെ കോളേജ് പ്രിൻസിപ്പൽ ആയിരുന്ന ആംഗ്ലിക്കൽ സഭാംഗം സി മേരി വിക്ടോറിയാ എന്ന സ്ത്രീ രത്നമാണ്. പിതാവിന്റെയും മദറിന്റെയും ബഥനി സിസ്റ്റേഴ്സിന്റെയും ചുമതലയിൽ ഉദ്യമം തുടർന്നുകൊണ്ടിരുന്നു. ഈ കെട്ടിടത്തിന്റെ ഒരു

ഭാഗത്ത് തിരുമൂലപുരം പള്ളി ഇടവകക്കാരായ പോളച്ചിറയ്ക്കൽ കുടുംബക്കാരുടേയും പെരുമ്പള്ളിക്കാട്ട് ശ്രീ പി കെ ഏബ്രഹാമിന്റെയും പരിശ്രമഫലമായി ഒരു L P സ്കൂൾ നടത്തിയിരുന്നു. ചെങ്ങന്നൂർ കൊട്ടാരത്തിലെ ചാണ്ടിസാറായിരുന്നു. പ്രഥമാധ്യാപകൻ. നല്ലിടയന്റെ സ്കൂൾ എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. എന്നാൽ പിതാവിന്റെ ഉദ്യമത്തിന്റെ ഫലമായി ഒരു റസിഡൻഷ്യൽ സ്കൂൾ നടത്താനുള്ള അനുവാദം ഗവൺമെന്റിൽ നിന്നും ലഭിച്ചു. പിതാവിന്റെ നിർദ്ദേശപ്രകാരം കെട്ടിടത്തിന്റെ ഒരു ഭാഗത്തു പ്രവർത്തിച്ചിരുന്ന L P സ്കൂൾ മഠത്തിനടുത്ത് ഷെഡ് കെട്ടി അവിടേയ്ക്കുമാറ്റി സ്കൂൾ ചുമതല അന്നത്തെ അർത്ഥിനികളായ മദേഴ്സിനെ ഏൽപ്പിച്ചു. അധികം വൈകാതെ ആംഗ്ലിക്കൻ സിസ്റ്ററായ സി. ഹെലന്റെ മേൽ നോട്ടത്തിൽ ഒരു സ്കൂൾ കെട്ടിതം സൗകര്യപ്രദമായി ഉണ്ടാക്കുവാനുള്ള ഏർപ്പാടുകളും പിതാവ് ചെയ്തു കൊടുത്തു. അന്നു നാടു ഭരിച്ചിരുന്ന ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ മഹുമാനാർത്ഥം 'ശ്രീമൂലവിലാസം' എന്ന പേരും നൽകപ്പെട്ടു പ്രസ്തുത നാമം ലോപിച്ച് തിരുമൂലവിലാസം എന്ന് ആയി. ബഹുമാനപ്പെട്ട സിസ്റ്റേഴ്സിന്റെ ശ്രമ ഫലമായി 1939 മുതൽ യു പി സ്കൂളായി ഉയർത്തപ്പെട്ടു.

1930-ൽ മലങ്കരകത്തോലിക്കാ സഭ സ്ഥാപിതമായതോടെ പിതാവും സിസ്റ്റേഴ്സും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പൂർണ്ണമായും ശ്രദ്ധ കേന്ദ്രീകരിച്ചു. പിതാവ് ഇവിടെ വരുമ്പോൾ വിശ്രമിച്ചിരുന്ന സ്ഥലം ' ഈവാനിയൻ കുടീരം' എന്ന പേരിൽ സംരക്ഷിച്ചു പോരുന്നു അധ്യാപകരും കുട്ടികളും അവിടെ പോയി പ്രാർത്ഥിക്കുന്നു. 25 കുട്ടികളും 2 അധ്യാപകരുമായി ആരംഭിച്ച ഈ സ്കൂൾ 3 ഏക്കറുകളിലായി വ്യാപിച്ചുകിടക്കുന്നു. തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ 2006 ലെ ഏറ്റവും നല്ല യു.പി സ്കൂളായി തിരുമൂലവിലാസം യു.പി സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു. കുട്ടികളിൽ മൂല്യാധിഷ്ഠിത ജീവിതം വളർത്തുവാൻ സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം വളരെ പ്രയോജനപ്പെടുന്നു. വിദൂര സ്ഥലങ്ങളിൽ നിന്നു പോലും രക്ഷിതാക്കൾ കുട്ടികളെ ഇവിടെ പഠിക്കാൻ വിടുന്നു. ത്യാഗത്തിന്റെയും കഷ്ടപ്പാടിന്റെയും അർപ്പണ ബോധത്തിന്റെയും ആകെത്തുകയാണ് ഇന്നു കാണുന്ന തിരുമൂലവിലാസം സ്കൂൾ.

## മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• ഗണിതശേഷി വികസനം<br>• ഇംഗ്ലീഷ് പഠന പരിപോഷണം<br>• ലൈബ്രറി ശാക്തീകരണം<br>• പ്രതിഭാപോഷണ പരിപാടി<br>• ജൈവവൈവിധ്യ ഉദ്യാനം<br>• സാഹിത്യ പോഷണ പരിപാടികൾ<br>• പഠന യാത്രകൾ<br>• സെമിനാറുകൾ<br>• കലാകായിക പരിശീലനം<br>• ഐ ടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ് പി റ്റി എ സജീവമാക്കൽ<br>• കൈയ്യെഴുത്തു മാസിക<br>• പ്രവൃത്തി പരിചയ പഠനം<br>• ഒന്നാംക്ലാസ് ഒന്നാംതരം<br>• എസ്.ആർ ജി ശാക്തീകരണം<br>• ശാസ്ത്രഅഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• രചനാ ശില്പശാല<br>• അഭിമുഖങ്ങൾ<br>• മെഡിക്കൽ ക്യാമ്പ്<br>• പോഷകാഹാര പരിപാടി<br>• ഗണിതലാബ്<br>• ഭാഷാലാബ്<br>• TERM മൂല്യനിർണയം , നിരന്തര വിലയിരുത്തൽ<br>• ദിനാചരണങ്ങൾ<br>• കായിക പഠനം<br>• ഗവേഷണാത്മക പ്രവർത്തനങ്ങൾ<br>• TALENT HUNT , TALENT DAY<br>• മോക്ക് പാർലമെന്റ്<br>• ഐ.സി.ടി സാധ്യത പ്രയോജനപ്പെടുത്തൽ<br>• ലഘു ഉപകരണ നിർമാണം<br>• കണ്ടതും കേട്ടതും നിർമിക്കൽ<br>• ബോധവത്കരണ ക്ലാസ് | • കമ്പ്യൂട്ടർ റൂം<br>• മൾട്ടി മീഡിയ റൂം<br>• ലൈബ്രറി നവീകരണം<br>• ഡൈനിങ് ഹാൾ<br>• കുടിവെള്ള വിതരണം<br>• മാലിന്യ സംസ്കരണം<br>• ജന്മദിനത്തിനൊരു പുസ്തകം<br>• എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക് മേള<br>• കൈകഴുകൽ സംവിധാനം<br>• വാട്ടർ പ്യൂരിഫയർ<br>• ജനറേറ്റർ<br>• കർട്ടൻ<br>• സ്റ്റേജ് നവീകരണം<br>• പാചകപ്പുര നവീകരണം<br>• ശുചിമുറി നവീകരണം | • പി.റ്റി. എ ശക്തിപ്പെടുത്തൽ<br>• വിദ്യാലയവികസന സമിതി<br>• പൂർവവിദ്യാർഥി സംഘടനയുടെ പ്രവർത്തനം<br>• എസ്.എസ് ജി ,ഗ്രന്ഥശാലകൾ ,വിദ്യാഭ്യാസ പ്രവർത്തകർ ,പൂർവാധ്യാപകർ ,ക്ലബുകൾ ,സന്നദ്ധ സംഘടനകൾ ,വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ് പി.റ്റി.എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ<br>• വിദ്യാലയമികവുകൾ പൊതു സമൂഹവുമായി പങ്കിടൽ<br>• ഭവന സന്ദർശനം<br>• റോഡ് ഷോ<br>• എൻഡോവ്മെന്റ്<br>• കൗൺസിലിംഗ്<br>• ബോധവത്കരണ ക്ലാസ്<br>• ജീവകാരുണ്യ പ്രവർത്തനങ്ങൾ |

- കോർണർ P TA
- ടാലന്റ് ലാബ്

ഉപമേഖല - മലയാളം
പ്രവർത്തനം ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷിവികസനം (ശ്രദ്ധ, മലയാളത്തിളക്കം) ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ കൾക്ക് പ്രത്യേകം ക്ലാസ് | 1). അക്ഷരം ഉറപ്പിക്കൽ<br>2). ചിഹ്നം ഉറപ്പിക്കൽ<br>3). പദ നിർമ്മാണം<br>4). വാക്യനിർമ്മാണം<br>5 ) ഡയറി (സംയുക്തം, സചിത്ര ,സർഗാത്മക)<br>5). ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ് | 2 മാസം<br>1 വർഷ കാലം | മലയാളം ടീച്ചർ<br>SRG | PTA, Dept |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരനാക്കുക | 1. ക്ലാസ് വായനാ രൂപീകരിച്ച്<br>2. ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3. പുതുവർഷം പുസ്തക വർഷം<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>5. വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസ്സിലെയും വായനാ ലക്ഷ്യം തീരുമാനി<br>6. സ്കൂൾ ലൈബ്രറി നവീകരണം<br>7. റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ<br>8. വായനോത്സവം<br>9. ജന്മദിന പുസ്തകം<br>10. പത്രവായന | 6 മാസം - 1 വർഷം<br>ആവശ്യാനുസരിച്ച്<br>3 മാസം<br>6 മാസം - 1 വർഷം | വിദ്യാരംഗം ചാർജ്<br>മലയാളം ടീച്ചർ<br>മലയാള അധ്യാപകർ<br>SRG | Staff |

| ഉപമേഖല | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക പിന്തുണ |
| പത്രവായന പരിപോഷിപ്പിക്കൽ | 1 പത്രവായന പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ<br>2 ഓരോ ക്ലാസിന് ഓരോ പത്രം<br>3 നാട്ടിലെ പത്രവാർത്തകളുടെ അവതരണം<br>4 പത്ര ക്വിസ് | 3 മാസം<br>ദിവസേന<br>ആഴ്ചയിലൊരിക്കൽ | വിദ്യാരംഗം കൺവീനർ<br>മലയാള അധ്യാപകർ | PTA |
| സർഗ്ഗശേഷി വികസനം | വായന അനുഭവം പങ്കുവെക്കൽ<br>സാഹിത്യ ക്വിസ്<br>കവിതാലാപന മത്സരം<br>ക്ലാസ് തല സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ<br>പുസ്തക ചർച്ച<br>പുസ്തക ആസ്വാദനം<br>E വായന<br>അമ്മ വായന | വർഷത്തിൽ ഒരുതവണ<br>മാസത്തിലൊരുതവണ<br>ആറുമാസത്തിൽ ഒരു തവണ<br>ആഴ്ചയിൽ ഒരിക്കൽ | SRG<br>വിദ്യാരംഗം | PTA |

മേഖല ഇംഗ്ലീഷ് ഭാഷാ പഠനം
ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കുംഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസനം | ഇംഗ്ലീഷ് ക്ലബ്ബ് | ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ | |
| | ഇംഗ്ലീഷ് ഫെസ്റ്റ് | വർഷത്തിലൊരിക്കൽ | | |
| | ഇംഗ്ലീഷ് മാഗസിൻ | | | |
| | റീഡേഴ്സ് തിയേറ്റർ | വർഷത്തിലൊരിക്കൽ | | |
| | ഹലോ ഇംഗ്ലീഷ് | | | |
| | ഇംഗ്ലീഷ് അസംബ്ലി | ആവശ്യാനുസരണം | | |
| | | മാസത്തിലൊരിക്കൽ | | |

## <u>ഉപമേഖല: ശാസ്ത്രം</u>

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1.ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണകളരി-പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | 1000/പി.ടി.എ |
| | 2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | - |
| | 3.ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുത്തുള്ള പഠനം by സർവ്വേ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | പി.ടി.എ |
| 2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | പി.ടി.എ |
| 3. <u>ശാസ്ത്രലാബ് നവീകരണം</u> ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ 1 മാസം | സയൻസ് ടീച്ചേഴ്സ് | - |

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക പ്രചാരണം മീറ്റ് ദി ക്യാൻഡിഡേറ്റ് ബാലറ്റ് പേപ്പർ വെച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ<br>ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | മാസത്തിലൊരിക്കൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ എസ്.ആർ.ജി | ---- |

പ്രവർത്തനം 14

പേര് : പ്രതിഭാപോഷണ പരിപാടി

ഉപമേഖല : അക്കാദമികം /ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ...ാസും നൽകൽ ക്വിസ് പരിപാടികൾ ...ംഘടിപ്പിക്കൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾ ക്വിസ് പരിപാടികൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | എസ്.ആർ.ജി<br>എസ്.എസ്.ജി | 2500 /- സ്പോൺസർഷിപ്പ് |

പ്രവർത്തനം 15

പേര് : ശാസ്ത്രയാത്രകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പ്രദർശനങ്ങൾ മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ | വർഷത്തിലൊരിക്കൽ | സയൻസ് ക്ലബ്<br>പി.റ്റി.എ | പി.റ്റി.എ |

പ്രവർത്തനം 16

പേര് : മേളകൾ

ഉപമേഖല : സമഗ്ര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ...ാസ്ത്രം സാമൂഹ്യ ശാസ്ത്രം ഗണിതം ...ന്നീ വിഷയങ്ങൾ ...വർത്തനങ്ങളിലൂടെ പഠിക്കുക | സ്കൂൾതല മേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ ഉപജില്ലാതല പങ്കാളിത്തം ഉറപ്പാക്കൽ | വർഷത്തിലൊരിക്കൽ | വിവിധ ക്ലബ്ബുകൾ | 5000/- പി.റ്റി.എ<br>പൂർവ്വവിദ്യാർത്ഥികൾ |

പ്രവർത്തനം 27

പേര് : ഗണിത കേളികൾ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ | ഗണിതാശയങ്ങൾ രസകരമായ കളികളിലൂടെ അവതരിപ്പിക്കൽ | ആവശ്യാനുസരണം | ഗണിതാധ്യാപകർ | |

പ്രവർത്തനം 28

പേര് : കണ്ടതും കേട്ടതും നിർമ്മിക്കൽ

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തെ ജീവിതവുമായി ബന്ധിപ്പിക്കുക | ഗണിതവുമായി ബന്ധപ്പെട്ട രൂപങ്ങൾ മാതൃകകൾ നിർമിക്കൽ<br>ചിത്രീകരിക്കൽ | ആവശ്യാനുസരണം | ഗണിതാധ്യാപകർ | ---- |

പ്രവർത്തനം 29

പേര് : ഗണിത ലാബ്

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | വർഷത്തിലൊരിക്കൽ | എസ് . ആർ . ജി<br>ഗണിത ക്ലബ് | ----- |

പ്രവർത്തനം 30

പേര് : മെട്രിക് മേള

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മെട്രിക് അളവുകളെക്കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ | മെട്രിക് അളവ് ഉപകരണങ്ങളുടെ മാതൃകകൾ കുട്ടികൾ നിർമിക്കുന്നു<br>പ്രദർശനം സംഘടിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | ഗണിതാധ്യാപകർ<br>പി.റ്റി.എ | 1000/- പൂർവ്വവിദ്യാർത്ഥികൾ |

പ്രവർത്തനം 31

പേര് : ഗണിത ഉദ്യാനം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതാശയങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തുക<br>പ്രകൃതിയെ അടുത്തറിയുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്തു ജ്യാമിതീയ രൂപങ്ങളുടെ മാതൃകയിൽ പൂന്തോട്ടം നിർമിക്കുക | വർഷത്തിലൊരിക്കൽ | ഗണിതാധ്യാപകർ<br>ഗണിത ക്ലബ് | |

പ്രവർത്തനം 32

പേര് : ചിത്രരചനാക്കളരി

ഉപമേഖല : കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവിണ്യം നേടൽ | ചിത്രരചനയിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തുന്നു , പരിശീലനം നൽകുന്നു | വർഷം മുഴുവൻ | എസ് . ആർ . ജി | 2000 /- സ്പോൺസർഷിപ്പ് |

| ഉപമേഖല - ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
| വിവിധ ശേഷി കളുടെവികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാച രണങ്ങൾ പഠനപ്ര വർത്തനമായി സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SRG | - |

പ്രവർത്തനം 33

പേര് : കായിക പരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം നൽകൽ | വർഷം മുഴുവൻ | പി.റ്റി. എ | 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 34

പേര് : കായിക താരങ്ങൾക്കു അവാർഡ്

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ് നൽകി ആദരിക്കൽ | സ്കൂൾ തലം , ഉപജില്ലാതലം , ജില്ലാതലം ,സംസ്ഥാനതലം വിജയികൾക്ക് അവാർഡും മോമെന്റോയും നൽകൽ | വർഷത്തിലൊരിക്കൽ | ഹെഡ്മിസ്ട്രസ്സ് അധ്യാപകർ | 15000/- പി.റ്റി. എ |

പ്രവർത്തനം 35

പേര് : TALENT HUNT / TALENT DAY

ഉപമേഖല : കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തൽ , പ്രോത്സാഹിപ്പിക്കൽ | സർഗ്ഗ വേളകളിൽ കലാ പരിപാടികൾ അവതരിപ്പിക്കുക ,പരിശീലനം നൽകുക ,മാതാപിതാക്കളുടെയും ,സമൂഹത്തിന്റെയും മുൻപിൽ അവതരിപ്പിക്കുക | ആഴ്ചയിലൊരിക്കൽ<br><br>വർഷത്തിലൊരിക്കൽ | അധ്യാപകർ | ...... |

പ്രവർത്തനം 36

പേര് : പച്ചക്കറിത്തോട്ടം

ഉപമേഖല : ആരോഗ്യവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക ,കാർഷിക സംസ്കാരം വീണ്ടെടുക്കുക | വിദ്യാലയത്തിൽ ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുക , വീട്ടിലും ജൈവ കൃഷി ചെയ്യുക | വർഷത്തിൽ ഒരുപ്രാവശ്യം | ഇക്കോ ക്ലബ് | 5000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 37

പേര് : യോഗ / കരാട്ടെ /എറോബിക്സ് പരിശീലനം

ഉപമേഖല : ആരോഗ്യവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരവും മനസും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകാരണങ്ങളോടെ സജ്ജമാക്കുക | ആഴ്ചയിലൊരിക്കൽ | പി . റ്റി . എ അധ്യാപകർ | പി . റ്റി . എ |

## <u>ഭൗതികം</u>

പ്രവർത്തനം 38

പേര് : ക്ലാസ് മുറികൾ ആധുനികവത്കരിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിന്റെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തൽ | ക്ലാസ്സ്മുറികളിൽ ആവശ്യമായ ഫർണിച്ചറുകൾ ക്രമീകരിക്കുക ഇന്റർനെറ്റ് സൗകര്യം ലഭ്യമാകുക കമ്പ്യൂട്ടർ ലാബിൽ മതിയായ കംപ്യൂട്ടറുകൾ ലഭ്യമാകുക മൾട്ടി മീഡിയ റൂം ക്രമീകരിക്കുക | മൂന്നു വർഷം | പി.റ്റി.എ എസ്.എസ്.ജി | എം .എൽ .എ / എം.പി ഫണ്ട് പൂർവ്വവിദ്യാർത്ഥി കൾ |

പൊതിച്ചോർ - ഇവാനിയൻ പാഥേയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടുക്കൽ | അധ്യാപകരും കുട്ടികളും ഭക്ഷണപ്പൊതികൾ കൊണ്ടുവരുന്നു<br>സമീപത്തുള്ള അനാഥാലയം ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ച ഭക്ഷണമായി എത്തിച്ചുകൊടുക്കുന്നു | ആഴ്ചയിലൊരിക്കൽ | അധ്യാപകർ പിടിഎ | പിടിഎ |

| ഉപമേഖല<br>ആരോഗ്യമുള്ള ശരീരം മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്താൽ വിദ്യാഭ്യാസം ഫലപ്രദമാക്കാൻ | സൂമ്പ<br>ഏറോബിക്സ്<br>യോഗ<br>കരാട്ടെ | ആഴ്ചയിൽ ഒരിക്കൽ | ക്ലാസ് അധ്യാപകൻ | സ്റ്റാഫ് |

| ഉപമേഖല<br>സ്കോളർഷിപ്പ് പരീക്ഷ പരിശീലനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | LSS<br>USS<br>സംസ്കൃത സ്കോളർഷിപ്പ് | ഒരു വർഷം | ക്ലാസ് ടീച്ചർ | സ്റ്റാഫ് |

| ഉപമേഖല<br>നല്ല പാഠം, സീഡ്, നന്മ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| കുട്ടികളിൽ സർവ്വതോന്മുഖമായ അഭിരുചി വളർത്തൽ | പച്ചക്കറിത്തോട്ടം<br>ഔഷധ തോട്ടം<br>അടുക്കളത്തോട്ടം | 1വർഷം | അധ്യാപകർ | Staff |

പേര് : പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധമായ ഉച്ച ഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ<br>ഹെഡ്മിസ്ട്രസ്<br>പി.റ്റി.എ |